21
ആഗസ്റ്റ് 2023
തിങ്കൾ
Pages- 5
Vol. 2 Issue 199

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
568

## എത്യോപ്യയിലെ കലാപത്തെ തുടർന്ന്

# യഹൂദർ മാതൃരാജ്യത്തേക്ക്



പേജ് 3


### അഗ്നിക്കിരയാക്കപ്പെട്ട ദേവാലയത്തിന് പുറത്തു നിറകണ്ണുകളോടെ

## ആരാധനയിൽ പങ്കെടുത്ത് പാക് ക്രൈസ്തവർ

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 21 തിങ്കൾ



# ധൈര്യത്തോടെ മുന്നേറാം

**നീ**ണ്ട 47 വർഷത്തിനു ശേഷം റഷ്യ നടത്തിയ ചാന്ദ്രദൗത്യം ലൂണാർ 25 ഒരു പരാജയമായിട്ട് മാറിയിരിക്കുന്നു. റഷ്യയുടെ പേടകം ചന്ദ്രൻറെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡ് ചെയ്യുന്നതിന് മുന്നോടിയായി ഭ്രമണപഥം താഴ്ത്തുന്നതിനിടെ അപ്രതീക്ഷിതമായിട്ട് നിയന്ത്രണം വിട്ട് തകരുകയായിരുന്നു. എത്രയോ നാളുകളിലെ, എത്രയോ ആളുകളുടെ അധ്വാനം, എത്രയോ ആയിരം കോടി പണം, എല്ലാം നഷ്ടമായി.

നമ്മുടെ ജീവിതം എന്നത് എല്ലായിപ്പോഴും നമ്മൾ ആഗ്രഹിക്കുന്നത് മാത്രം നടക്കുന്ന ഒരു ഇടമല്ല. നമ്മൾ ആഗ്രഹിക്കാത്ത പലതും നടക്കുകയും ആഗ്രഹിക്കുന്ന പലതും നടക്കാതിരിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ജീവിതത്തിൽ പലപ്പോഴും സംഭവിക്കാറുണ്ട്. ഇങ്ങനെ വരുമ്പോൾ പലയാളുകൾക്കും മുന്നോട്ട് എന്ത് ചെയ്യണം എന്ന് അറിയാൻ വയ്യാതെ ആകും. എന്തു ചെയ്യണം, എന്ത് തീരുമാനം എടുക്കണം എന്ന് അറിയാതെ വരുമ്പോൾ ചിലർ മദ്യത്തിൽ അഭയം കണ്ടെത്തും; മറ്റു ചിലർ മയക്കു മരുന്നിലേക്ക് പോകും; മറ്റു ചിലർ ഒരു മുഴം കയറിലോ ഒരു കുപ്പി വിഷത്തിലോ ജീവിതം അവസാനിപ്പിക്കും. എന്നാല് മറ്റു ചിലരാകട്ടെ ധൈര്യത്തോടെ ജീവിതത്തെ നോക്കിക്കൊണ്ട് കഠിനമായിട്ട് അധ്വാനിച്ച് മുന്നേറും.

ഒരു പ്രസിദ്ധനായ കവിയുണ്ടായിരുന്നു. അയാൾ വളരെ വേദനാജനകമായ അനുഭവത്തിൽ കൂടെ കടന്നുപോയി. അതുകൊണ്ടുതന്നെ വളരെ നിരാശപ്പെട്ട് ജീവിതസാനിപ്പിച്ചാലോ എന്ന് ചിന്തിച്ചു. അപ്പോൾ പുറത്ത് നല്ല മഴ പെയ്തു. ആ മഴയത്ത് അദ്ദേഹം ഒരു കിളി ചിലക്കുന്ന ശബ്ദം കേട്ടു. മുറ്റത്ത് ഇറങ്ങി നോക്കുമ്പോൾ ഒരു വാനമ്പാടി മനോഹരമായിട്ട് പാട്ടു പാടുകയാണ്. കോരിച്ചൊരിയുന്ന മഴയെ വകവയ്ക്കാതെ പാട്ടുപാടുന്ന വാനമ്പാടി അയാളുടെ ജീവിതത്തെ സ്വാധീനിച്ചു. അയാൾ തിരിച്ചു വീടിനകത്തേക്ക് കയറിയിട്ട് പേനയെടുത്ത് ഇങ്ങനെ എഴുതി 'ജീവിതം എത്ര കഠിനമാണ്. എങ്കിലും നമുക്ക് പാടാൻ കഴിയും'.

നമ്മുടെ സാഹചര്യങ്ങളിലേക്ക് നമ്മൾ എപ്പോഴും നോക്കണം. നമുക്ക് ഒന്ന് കയറിപ്പിടിച്ചു മുന്നോട്ടു പോകാൻ എന്തെങ്കിലും അവസരം ഉണ്ടോ എന്ന് ശ്രദ്ധിച്ചു നോക്കണം. ദൈവം നമുക്ക് ഒരു കച്ചിത്തുരുമ്പെങ്കിലും ശേഷിപ്പിക്കാതിരിക്കുകയില്ല. ആത്മഹത്യയല്ല ഒന്നിന്റെയും പരിഹാരം. മദ്യപാനം അല്ല ഒന്നിന്റെയും പരിഹാരം. ധൈര്യത്തോടെ ജീവിതത്തെ നേരിടുക എന്നതാണ്; കാരണം ദൈവം നമ്മുടെ കൂടെയുണ്ട്. അന്ത്യത്തോളം കൈവിടുകയില്ല എന്ന് വാക്ക് പറഞ്ഞ ദൈവം നമ്മുടെ കരം പിടിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ദാവീദ് പാടുന്നത് 'കൂരിരുൾ താഴ്വരയിൽ കൂടി കടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോട് കൂടെ ഇരിക്കുന്നുവല്ലോ'.

അതേ,നമ്മുടെ പിതാവായ ദൈവം, സകലത്തെയും സൃഷ്ടിച്ച ദൈവം, അഖിലാണ്ഡത്തിന്റെ ഉടയവനായ ദൈവം നമ്മുടെ കൂടെയുണ്ട്. നമ്മുടെ കരം പിടിച്ചിട്ടുണ്ട്. അവിടുന്ന് നമ്മുടെ നല്ല സ്നേഹിതനാണ്. അതിനാൽ ധൈര്യത്തോടെ നമുക്ക് ജീവിതത്തെ നേരിടാം.



പാസ്റ്റർ അനുകോശി

# കരിയംപ്ലാവ് കൺവെൻഷൻ തീയതി മാറ്റി

## തിരുവല്ല ഉണർവ് 24ന് WME ഐക്യദാർഢ്യം പ്രഖ്യാപിച്ചു



തിരുവല്ല:തിരുവല്ലയിൽ ജനുവരിയിൽ നടക്കുവാൻപോകുന്ന പെന്തെക്കോസ്ത് ഐക്യ സമ്മേളനത്തിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ട് WME ദൈവസഭ രംഗത്തുവന്നു. WME ജെനറൽ കൺവൻഷൻ (കരിയംപ്ലാവ് കൺവൻഷൻ) 75 വർഷങ്ങൾ പൂർത്തിയാക്കുന്ന പ്ലാറ്റിനം ജൂബിലി നിശ്ചയിച്ചിരുന്ന തീയതിയും തിരുവല്ല ഐക്യ കൺവൻഷനും ഒരെതീയതിയതിയിൽ വന്നതിനാൽ ദൈവജനത്തിന്റെ ഐക്യതക്കു മുൻതൂക്കം കൊടുത്തുകൊണ്ട് കരിയംപ്ലാവ് കൺവൻഷൻ തീയതി ജനുവരി 15 മുതൽ 21 വരെയുള്ള തീയതികളിലേക്കു മാറ്റിയതായി WME ജനറൽ പ്രസിഡന്റ് ഡോ. ഒ. എം. രാജുകുട്ടി അറിയിച്ചു. ഇന്നലെ തിരുവല്ല കുറ്റപ്പുഴ അഏ ചർച്ചിൽ ചേർന്ന ഉണർവ്24 നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐക്യത മനുഷ്യന് സൃഷ്ടിപ്പാൻ കഴിയില്ല; അതു ദൈവത്തിന്റെ സമയത്തു സംഭവിക്കുന്നതാണ്. ഇത് ദൈവത്തിന്റെ സമയമാണ്. പാസ്റ്റർ ജേക്കബ് ജോണിന് ദൈവം നൽകിയ ആത്മഭാരം ഐക്യത സംഭവിക്കുന്നതിനു ദൈവം നിർണയിച്ച സമയമാണെന്ന് തിരിച്ചറിഞ്ഞു നാം ഒറ്റക്കെട്ടായി അത് ഏറ്റെടുക്കണമെന്ന് പാസ്റ്റർ ഒ. എം. രാജുക്കുട്ടി ആഹ്വാനം ചെയ്തു. പാസ്റ്റർ ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. ഗ്ലാഡ്സൺ ജേക്കബ് നേതൃത്വം നൽകി. വിവിധ സഭകളുടെ പ്രതിനിധികൾ സംസാരിച്ചു.

# ഐ സി പി എഫ് മലബാർ ക്യാമ്പ് ആഗസ്റ്റ് 31 മുതൽ

കല്പറ്റ : ഇന്റർകോളേജിയേറ്റ് പ്രെയർ ഫെല്ലോഷിപ്പ് നോർത്ത് കേരള റീജിയന്റെ നേതൃത്വത്തിൽ നടക്കുന്ന ... ത് മലബാർ ക്യാമ്പ് ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2 വരെ മീനങ്ങാടി ഐ സി പി എഫ് മലബാർ കൗൺസിലിംഗ് സെന്ററിൽ നടക്കും.

ഡോ ജെയിംസ് ജോർജ്, ഡോ സജി കുമാർ കെ പി, പ്രൊഫ. എം കെ ശാമുവേൽ, അജി മാർക്കോസ്, ഉമ്മൻ പി ക്ലമെന്റ്സൺ തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും. 'പാദങ്ങൾ തെരുവിലേക്ക് 'എന്നതാണ് ക്യാമ്പ് തീം.ഐ സി പി എഫ് ക്വയർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. ഇവാ ബോബു ഡാനിയേൽ, പ്രൊഫ. എം കെ ശാമുവേൽ കോ ഓർഡിനേറ്റേഴ്സായും വി ജെ ശാമുവേൽ, സന്തോഷ് ജോർജ്, റോയ് മാത്യു ചീരൻ, സാം തോമസ്, ഫ്രെൻസ് ജോസ്, ലിബിൻ ഐസലിൻ എന്നിവർ വിവിധ കമ്മിറ്റികളുടെ കൺവീനേർസായും പ്രവർ

Christian Live (Malayalam) Advertisement Tariff

**Full Page**
Front – 5000 INR
Back – 4000 INR
Inside- 3000 INR

**Half Page**
Front - 2500 INR
Back- 2000 INR
Inside -1500 INR

**Quarter Page**
Front - 1250 INR
Back - 1000 INR
Inside- 750 INR

**Half of Quarter Page**
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

# ഐക്യ കൺവെൻഷൻ ഭാരവാഹികളെ തെരഞ്ഞെടുപ്പ് യോഗം നടന്നു



തിരുവല്ല : 2024 ജനുവരി 7 14 വരെ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കുവാൻ ആഗ്രഹിക്കുന്ന ഐക്യ കൺവെൻഷൻ ഭാരവാഹി തെരഞ്ഞെടുപ്പ് യോഗം കുറ്റപ്പുഴ അഏ ചർച്ചിൽ പാസ്റ്റർ ഒ എം രാജുക്കുട്ടി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജെ ജോസഫ് അധ്യക്ഷത വഹിച്ചു. ഗ്ലാഡ്സൺ ജേക്കബ് സ്വാഗതവും എ ജി തിരുവല്ല പ്രേസ്ബിറ്റർ പാസ്റ്റർ കെ സ് സാമുവൽ, കൃതജ്ഞതയും പറഞ്ഞു. വിവിധ സഭകളെ പ്രതിനിധീകരിച്ചു പാസ്റ്റർമാരായ ഷിബു നെടുവേലിൽ,ചഇ ജോസഫ്, ഗഇ സണ്ണിക്കുട്ടി, സുനിൽ വേട്ടമല, കെ എ ഉമ്മൻ, ടി വി പോത്തൻ, ലിജോ ജോസഫ്, പാസ്റ്റർ കെ ബെന്നി പാസ്റ്റർ കെ ജെ ജെയിംസ്, റോയി പൂവകാല, മാത്യു ബെന്നി, സി കെ രാജു, ബ്രദർ ജി കുഞ്ഞച്ചൻ, ബ്രദർ ജോയി താനവേലിൽ, ബ്രദർ പി വി മാത്യു, അഡ്വ. ശ്യം കുരുവിള, ബാബു പറയത്തുകാട്ടിൽ, സി പി മോനായി, തുടങ്ങിയവർ ആശംസ പ്രസംഗങ്ങൾ ചെയ്തു. 101 അങ്ങ കമ്മിറ്റി നിലവിൽ വന്നു. കൺവെൻഷനു വേണ്ടിയുള്ള പ്രമോഷണൽ മീറ്റിങ്ങുകളും, പ്രാർത്ഥനകളും കേരളത്തിലെ 14 ജില്ലകളിലും നടത്തുവാനും തീരുമാനിച്ചു.

EDITORIAL BOARD

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas ,
Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354


# ഇറാഖി ക്രൈസ്തവർക്ക് വേണ്ടി പ്രാർത്ഥനയുമായി ലെബനോനിലെ സഭാനേതാക്കൾ



ബെയ്റൂട്ട് : മതപീഡനത്തിനു ഇരയായികൊണ്ടിരിക്കുന്ന ഇറാഖി ക്രൈസ്തവർക്ക് ഐക്യവും പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് ലെബനോനിലെ ക്രിസ്ത്യൻ നേതാക്കൾ പ്രാർത്ഥന കൂട്ടായ്മ സംഘടിപ്പിച്ചു. ബെയ്റൂട്ടിന് പുറത്തുള്ള ബാബ്ദായിലെ റാഫേൽ മാലാഖയുടെ നാമധേയത്തിലുള്ള കൽദായ കത്തീഡ്രലിൽ ആണ് പ്രാർത്ഥന നടന്നത്. കത്തോലിക്ക, ഓർത്തഡോക്സ് സഭകളിൽ നിന്നുള്ള പാത്രിയാർക്കീസുമാരും, മെത്രാന്മാരും, വൈദികരും പ്രാർത്ഥനയിൽ പങ്കെടുത്തു.

ഇറാഖി പ്രസിഡന്റ് അബ്ദുൽ ലത്തീഫ് റഷീദിന്റെ ആവശ്യപ്രകാരം കൽദായ സഭ ആസ്ഥാനം ബാഗ്ദാദിൽ നിന്നും കുർദ്ദിസ്ഥാൻ മേഖലയിലേക്ക് കർദ്ദിനാൾ ലൂയീസ് സാകോക്കു മാറ്റേണ്ടി വന്നിരിന്നു. ഈ പശ്ചാത്തലത്തിലാണ് പ്രാർത്ഥന കൂട്ടായ്മ സംഘടിപ്പിച്ചത്. കർദ്ദിനാളിനെ കൽദായ പാത്രിയാർക്കീസായി ഔദ്യോഗികമായി അംഗീകരിക്കുന്ന 2013ലെ ഇറാഖി പ്രസിഡന്റിന്റെ ഉത്തരവ് അബ്ദുൽ ലത്തീഫ് റഷീദ് അടുത്തിടെ റദ്ദാക്കിയിരുന്നു. 2003ന് മുൻപ് ഇറാഖിൽ 15 ലക്ഷത്തിലധികം ക്രൈസ്തവരാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ വെറും 2,00,000 ക്രിസ്ത്യാനികൾ മാത്രമാണ് രാജ്യത്തുള്ളത്. 2014ലെ ഇസ്ലാമിക് സ്റ്റേറ്റ് അധിനിവേശമാണ് ഇറാഖിലെ ക്രിസ്ത്യൻ ജനസംഖ്യയിൽ വലിയ ഇടിവിലേക്ക് നയിക്കാനുള്ള പ്രധാന കാരണം.

## എത്യോപ്യയിലെ കലാപത്തെ തുടർന്ന്
# യഹൂദർ മാതൃരാജ്യത്തേക്ക്



ടെൽ അവീവ് : എത്യോപ്യയിൽ വടക്കൻ പ്രവിശ്യകളിൽ നടന്നു വരുന്ന വിമത കലാപത്തെത്തുടർന്ന് കുടിയൊഴിക്കപ്പെട്ട യഹൂദ കുടുംബങ്ങൾ സ്വന്തം മാതൃരാജ്യത്തേക്ക് തിരിച്ചു. ഗോണ്ടർ നഗരത്തിൽ താമസിച്ചിരുന്ന 134 യിസ്രായേല്യരും മൌണ്ട് ദാർ നഗരത്തിൽ താമസിച്ചിരുന്ന 30 പേരും ഉൾപ്പെടെ 204 യഹൂദരാണ് കുടിയൊഴിക്കപ്പെട്ടത്. ഇവരെ നാല് വിമാനങ്ങളിലായി തലസ്ഥാന നഗരിയായ അഡിസ് അബാബയിൽ എത്തിച്ചിരുന്നു. 204 പേരെ വിമാനമാർഗം അയച്ചു, ഭൂരിഭാഗവും ഇസ്രായേലി പൗരന്മാരാണ്, ഗോണ്ടാറിലെ ആളുകളോടും വടക്കൻ എത്യോപ്യയിലെ ബഹിർ ദാറിൽ നിന്നുള്ള ആളുകളോടും മീറ്റിംഗ് പോയിന്റുകളിൽ എത്താൻ നിർദ്ദേശം നൽകി, അവിടെ അവരെ ബസിൽ രണ്ട് നഗരങ്ങളിലെയും എയർഫീൽഡുകളിലേക്ക് കൊണ്ടുപോകുകയും എത്യോപ്യൻ ആഡിസ് അബാബയുടെ സുരക്ഷിതത്വത്തിലേക്ക് എത്തിക്കുകയായിരുന്നു.

വടക്കൻ എത്യോപ്യയിൽ 2020 മുതൽ ആഭ്യന്തരയുദ്ധം രൂക്ഷമാണ്. എത്യോപ്യൻ സൈന്യവും ഫാനോ മിലിഷ്യയും തമ്മിലുള്ള പോരാട്ടം രൂക്ഷമായതോടെ അംഹാര മേഖലയിൽ ഇസ്രായേലികൾ കുടുങ്ങി. ഈ മേഖലയിൽ യാത്ര ചെയ്യുന്നതിനെതിരെ ഇസ്രായേൽ അടുത്തിടെ മുന്നറിയിപ്പ് നൽകിയിരുന്നു. കുടുങ്ങിയവരിൽ, കുടിയേറ്റം സുഗമമാക്കുന്ന അർദ്ധ സർക്കാർ ഏജൻസിയായ ജൂത ഏജൻസിയുടെ തൊഴിലാളികളും പ്രദേശം സന്ദർശിക്കുന്ന ഇസ്രായേലികളുടെ എണ്ണവും, ജൂതന്മാർക്കുള്ള ഇസ്രായേൽ നിയമപ്രകാരം കുടിയേറ്റത്തിന് അർഹരായ എത്യോപ്യൻ ജൂതന്മാരും ഉൾപ്പെടുന്നു. ഒഴിപ്പിക്കൽ നിരീക്ഷിക്കാൻ വിദേശകാര്യ മന്ത്രാലയം ജറുസലേമിൽ ഒരു സിറ്റ്വേഷൻ റൂം സ്ഥാപിച്ചു.'ഇസ്രായേൽ രാജ്യം അതിന്റെ പൗരന്മാരെ പരിപാലിക്കുന്നു,' പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. വർഷങ്ങളായി ഇതുവരെ എത്യോപ്യയിൽനിന്നും ഏകദേശം 1,65,000 യഹൂദരാണ് തങ്ങളുടെ മാതൃരാജ്യത്ത് എത്തിയത്.

## 1000 ടോർച്ചസ് മിഷൻ ചലഞ്ച് സെമിനാർ ഇന്ന് മുതൽ

കോതമംഗലം : സംഘടനാ വ്യത്യാസമില്ലാതെ പാസ്റ്റേഴ്സിനെയും വിശ്വാസസമൂഹത്തെയും സുവിശേഷികരണത്തിനായി സജ്ജരാക്കുന്നതിനായി കേരളത്തിൽ '1000ടോർച്ചസ്' എന്ന പേരിൽ മിഷൻ ചലഞ്ച് സെമിനാർ തുടരുന്നു. ഇവാ.സാജു ജോൺ മാത്യുവിനെ കൂടാതെ വടക്കേ ഇൻഡ്യൻ മിഷനറിമാർ ഹൃദയ സ്പർശിയായ ജീവിതാനുഭവങ്ങൾ പങ്ക് വെക്കും. കേരളത്തിൽ 14 ജില്ലകളിലേയും സെമിനാറിനുള്ള ക്രമികരണങ്ങക്ക് പാസ്റ്റർ സണ്ണി മാത്യു നേര്യമംഗലവും ഇവാ. സുനിൽ ടി. ശാമുവേൽ തിരുവല്ലയും നേതൃത്വം നൽകും.

# 'ബ്ലസ്സ് വടക്കാഞ്ചേരി' ആഗസ്റ്റ് 25 മുതൽ

വടക്കാഞ്ചേരി : ടൗൺ ഏജി വർഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ബ്ലസ്സ് വടക്കാഞ്ചേരി' എന്ന നാമകരണത്തിൽ ആഗസ്റ്റ് 25 സെപ്റ്റംബർ 3 വരെ ഉണർവ്വ് യോഗങ്ങൾ ജയശ്രീ മിനി ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർ ബിജോ വടക്കാഞ്ചേരി ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന പ്രസ്തുത യോഗങ്ങൾ രാവിലെ 10 മുതൽ 1 : 30 വരെയും വൈകിട്ട് 6 മുതൽ 9 മണി വരെയുമാണ് ക്രമീകരിച്ചിരിക്കുന്നത്.

പാസ്റ്റർമാരായ അഭിമന്യു അർജ്ജുൻ കൊട്ടാരക്കര, എബ്രഹാം ഒറ്റപ്പാലം, അനീഷ് കൊല്ലം, എം. എം. ബേബിച്ചൻ മുണ്ടക്കയം, ഷിബിൻ സാമുവേൽ കൊട്ടാരക്കര, പ്രകാശ് പീറ്റർ ചെങ്ങന്നൂർ എന്നിവർ വചനശുശ്രുഷ നിർവഹിക്കും. കൂടുതൽ വിവരങ്ങൾക്ക് : +91 94463 55207.

ഇന്ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ കൊട്ടാരക്കര പുലമൺ ഐപിസി ബേർശേബ ചർച്ചിൽ.

ആഗസ്റ്റ് 22 ചൊവ്വ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ പുനലൂർ ടൗൺ എ.ജി. ചർച്ചിൽ വെച്ച് സെമിനാർ നടക്കും. ആഗസ്റ്റ് 23 ബുധൻ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ തിരുവനന്തപുരം പാളയത്തുള്ള പി.എം.ജി ചർച്ച് പ്രയർ ഹാളിൽ വെച്ച് സെമിനാർ നടക്കും. ആഗസ്റ്റ് 24 വ്യാഴം രാവിലെ 10 മുതൽ വൈകിട്ട് 4 വരെ കാട്ടാക്കട അസ്സംബ്ളീസ് ഓഫ് ഗോഡ് ഗോസ്പൽ സെന്ററിൽ വെച്ച് സെമിനാർ നടക്കും.

## കല്ലുമല ദൈവസഭയുടെ യുവജന ക്യാമ്പ് ആഗസ്റ്റ്. 28 മുതൽ

മാവേലിക്കര : കല്ലുമല ദൈവസഭയുടെ യുവജനപ്രസ്ഥാനമായ പിവൈഎമ്മിന്റെ വാർഷിക ക്യാമ്പ് ഓഗ.28 മുതൽ 30 വരെ കുന്നന്താനം സെഹിയോൻ ക്യാമ്പ് സെന്ററിൽ നടക്കും. അനുഗ്രഹീതരായ ദൈവഭൃത്യന്മാർ നേതൃത്വം നൽകുന്ന ഗാനശുശ്രൂഷയും കൗൺസിലിംഗുകളും ദൈവവചനശുശ്രൂഷയും നടക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്കാണ് അവസരം. ഇവാ. ജിഫി യോഹന്നാൻ, ഇവാ.സുജിത് എം. സുനിൽ ,ഡോ. രാജു കെ. ജോർജ്, പാസ്റ്റർമാരായ സാമുവേൽ വിൽസൺ, വർഗീസ് ബേബി എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസുകൾ നയിക്കും.

## ലാൻഡർ ഇറങ്ങുന്ന ചന്ദ്രോപരിതലത്തിലെ ചിത്രങ്ങൾ പുറത്തുവിട്ട് ഐ.എസ്.ആർ.ഒ

ബംഗളൂരു: ഇന്ത്യയുടെ ചന്ദ്രയാൻ 3 പേടകം പകർത്തിയ ചന്ദ്രോപരിതലത്തിലെ പുതിയ ചിത്രങ്ങൾ പുറത്തുവിട്ട് ഐ.എസ്.ആർ.ഒ. ലാൻഡർ ഇറങ്ങാൻ പോകുന്ന ചന്ദ്രനിലെ സ്ഥലത്തിൻറെ ചിത്രങ്ങളാണ് പുറത്തുവിട്ടത്. ചന്ദ്രയാൻ പേടകം ചന്ദ്രൻറെ സമീപത്ത് എത്തിയപ്പോൾ പകർത്തിയ ചിത്രങ്ങളാണിത്.

ആഗസ്റ്റ് 23നാണ് ലാൻഡർ മൊഡ്യൂൾ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ മൃദു ഇറക്കം (സോഫ്റ്റ് ലാൻഡിങ്) നടത്തുക. ബുധനാഴ്ച ഇന്ത്യൻ സമയം വൈകീട്ട് 5.45 ഓടെ ആരംഭിക്കുന്ന സോഫ്റ്റ് ലാൻഡിങ് 6.04ന് പ്രക്രിയ പൂർത്തിയാവും. ബുധനാഴ്ച പ്രതീക്ഷിച്ച പോലെ മൃദു ഇറക്കം നടത്താനായില്ലെങ്കിൽ ശ്രമം വ്യാഴാഴ്ചത്തേക്ക് മാറ്റും. മൃദു ഇറക്കത്തിന് മുമ്പ് ലാൻഡർ മൊഡ്യൂളിലെ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തും.

# അഗ്നിക്കിരയാക്കപ്പെട്ട ദേവാലയത്തിന് പുറത്തു നിറകണ്ണുകളോടെ ആരാധനയിൽ പങ്കെടുത്ത് പാക് ക്രൈസ്തവർ

ലാഹോർ: പാക്കിസ്ഥാനിലെ ജരൻവാലയിൽ മതനിന്ദ ആരോപണ മറവിൽ തീവ്ര ഇസ്ലാമിസ്റ്റുകൾ ആക്രമണം നടത്തി അഗ്നിക്കിരയാക്കിയ ദേവാലയത്തിന് പുറത്തു വിശുദ്ധ കുർബാന അർപ്പിച്ച് പാക്ക് ക്രൈസ്തവ സമൂഹം. ഫൈസലാബാദിന്റെ പ്രാന്തപ്രദേശത്തുള്ള ജരൻവാലയിലെ അക്രമികൾ അഗ്നിക്കിരയാക്കിയ സെന്റ് ജോൺ ദേവാലയത്തിന് സമീപമാണ് ഇന്നലെ വിശുദ്ധ കുർബാന അർപ്പണം നടത്തിയത്. തുറസ്സായ സ്ഥലത്തു നടന്ന ബലിയർപ്പണത്തിൽ നിരവധി വിശ്വാസികൾ സംബന്ധിച്ചു. മെത്രാൻ ഉൾപ്പെടെ മൂന്നു വൈദികർ കാർമ്മികരായി. സാൽവേഷൻ ആർമി ചർച്ചിനോട് ചേർന്നുള്ള ഇടുങ്ങിയ ഇടവഴിയിൽ ഇരുന്നൂറോളം പേർ അടങ്ങുന്ന ക്രൈസ്തവർ പ്രാർത്ഥനയുമായി ഒരുമിച്ച് കൂടിയിരിന്നുവെന്നതും ശ്രദ്ധേയമാണ്. നിരവധി സുരക്ഷാ ഉദ്യോഗസ്ഥർ പ്രദേശത്ത് കാവൽ നിന്നിരിന്നു.

ജനക്കൂട്ടം പ്രാർത്ഥനയിലും നിറകണ്ണുകളോടെയാണ് പങ്കുചേർന്നന്നത്, കറുത്തിരുണ്ട ജനലുകളും വിണ്ടുകീറിയ മേൽക്കൂരകളും ഉൾപ്പെടെ ദേവാലയത്തിന്റെ സ്ഥിതി ദയനീയമാണെന്ന് കഴിഞ്ഞ ദിവസം പുറത്തുവന്ന വിവിധ ചിത്രങ്ങളിലൂടെ തന്നെ വ്യക്തമായിരിന്നു. അതേസമയം ക്രൈസ്തവരുടെ ആരാധനാലയങ്ങളും ഭവനങ്ങളും വളഞ്ഞിട്ടു ആക്രമിച്ച 125ലധികം പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് പഞ്ചാബ് ഇൻസ്പെക്ടർ പോലീസ് ജനറൽ ഉസ്മാൻ അൻവർ പറഞ്ഞു.

ഇരുപതോളം ക്രൈസ്തവ ആരാധനാലയങ്ങളും എൺപതിലധികം ക്രൈസ്തവരുടെ ഭവനങ്ങളും അക്രമികൾ തകർത്തു. പാക്കിസ്ഥാന്റെ ആദ്യ വനിതാ സെനറ്റ് പ്രതിപക്ഷ നേതാവ് ഷെറി റഹ്മാൻ ഇന്നലെ സംഭവസ്ഥലം സന്ദർശിച്ചു. അപലപിച്ചും അറസ്റ്റു നടത്തിയും പോരാ, എല്ലാ പാക്കിസ്ഥാൻ പൗരന്മാർക്ക് സുരക്ഷ ഒരുക്കണമെന്നു അവർ ആവശ്യപ്പെട്ടു.



# വേൾഡ് റെക്കോർഡ് ബുക്കിൽ ഇടംപിടിച്ച് തുലിപ് ഗാർഡൻ

ശ്രീനഗർ :ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പാർക്ക് എന്ന വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ (യുകെ) ഇടംപിടിച്ചു ഇന്ദിരാ ഗാന്ധി മെമ്മോറിയൽ തുലിപ് ഗാർഡൻ. 1.5 ദശലക്ഷം പൂക്കളുടെ വിസ്മയിപ്പിക്കുന്ന ലോകം തന്നെയാണിത്. ഈ പൂന്തോട്ടത്തിൽ 68 തുലിപ് ഇനങ്ങളുടെ അതിശയകരമായ ശേഖരമുണ്ട്. സബർവാൻ റേഞ്ചിന്റെ മനോഹരമായ താഴ്‌വരയിലാണ് ഈ ഗാർഡൻ സ്ഥിതി ചെയ്യുന്നത്.

ജെ&കെ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി (ഫ്ലോറികൾച്ചർ, ഗാർഡൻസ്, പാർക്കുകൾ) ഫയാസ് ഷെയ്ഖിനെ വേൾഡ് ബുക്ക് പ്രസിഡന്റും സിഇഒയുമായ സന്തോഷ് ശുക്ല സർട്ടിഫിക്കേഷൻ നൽകി ആദരിച്ചു. വേൾഡ് ബുക്ക് എഡിറ്റർ ദിലീപ് എൻ പണ്ഡിറ്റ്, ജമ്മു കശ്മീർ ഫ്ലോറി കൾച്ചർ ഡയറക്ടർ, മറ്റ് ഉദ്യോഗസ്ഥർ, ഉദ്യാന ജീവനക്കാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

2006ൽ മുൻ ജമ്മു കശ്മീർ മുഖ്യമന്ത്രി ഗുലാം നബി ആസാദാണ് ഈ ഉദ്യാനം വിഭാവനം ചെയ്തത്. നൂറുകണക്കിന് തൊഴിലാളികളും തോട്ടക്കാരും ചേർന്നാണ് ഈ ഉദ്യാനം നിർമ്മിച്ചത്. രണ്ട് വർഷം കൊണ്ടാണ് ഈ പാർക്ക് അവർ പൂർത്തിയാക്കിയത്.



# UPF UAE സ്റ്റുഡന്റ്സ് ക്യാമ്പിന് തുടക്കമായി

ഷാർജ : യുണൈറ്റഡ് പെന്തകോസ്തൽ ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സ്റ്റുഡന്റ്സ് ക്യാമ്പിന് ഇന്ന് ഷാർജ വർഷിപ് സെന്ററിൽ തുടക്കമായി. പാസ്റ്റർ നിശാന്ത് എം ജോർജ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ ഡോ. വിൽസൺ ജോസഫ് ക്യാമ്പ് ഉത്ഘാടനം ചെയ്തു. യു പി എഫിന്റെ മുൻ പ്രവർത്തകനായ ബ്രദർ ഐപ്പ് വി ഐപ്പിന് റവ. ഡോ.കെ ഒ മാത്യു മൊമെന്റോ നൽകി ആദരിച്ചു. എക്സൽ വി ബി സ് നടത്തുന്ന ക്യാമ്പിന്റെ തീം ീല ുഹൗ എന്നാണ്. പാസ്റ്റർമാരായ ഡിലു ജോൺ, ബ്ലെസ്സൺ ചെറിയാൻ, കെ പി ജോസ് വേങ്ങൂർ, ഷിബു മുണ്ടപ്ലാക്കൽ, എന്നിവരാണ് ക്യാമ്പിന്റെ കോർഡിനേറ്റർസ്, പാസ്റ്റർ സാം അടൂർ മീഡിയ കോർഡിനേറ്ററായും ബ്രദർ സന്തോഷ് ഈപ്പൻ ജനറൽ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.



CNL MEDIA 7

Vol. 2 Issue 199

# CHRISTIANLIVE DAILY

21
Monday
Pages 5
568

